"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉപഭോക്തൃകാര്യ വകുപ്പ് - 2024-25 സാമ്പത്തിക വർഷത്തെ കൺസ്യൂമർ വെൽഫയർ കോർപ്പസ് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.38/2024/CAD തീയതി,തിരുവനന്തപുരം, 12-09-2024

---

പരാമർശം:- 1. 25-07-2024-ലെ ഉപഭോക്തൃക്ഷേമനിധി കോർപ്പസ് ഫണ്ട് ഗവേണിംഗ് ബോഡി യോഗത്തിന്റെ മിനിറ്റ്സ്.

2. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറുടെ 31-07-2024 ലെ CCS/1621/2024/CA2(1) നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

2024-25 സാമ്പത്തികവർഷം 3 കോടി രൂപയുടെ ഉപഭോക്തൃ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പരാമർശം (1) പ്രകാരം കേരള കൺസ്യൂമർ വെൽഫയർ കോർപ്പസ് ഫണ്ട് ഗവേണിംഗ് ബോഡി യോഗം അംഗീകാരം നൽകിയിട്ടുണ്ടെന്നും, അതിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രാധാന്യമുള്ള പരിപാടികൾക്ക് ചെലവഴിക്കുന്നതിനായി 73.20 ലക്ഷം രൂപ "3456-00-104-99 (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ അനുവദിച്ച് ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 സാമ്പത്തികവർഷം "3456-00-104-99 ഉപഭോക്തൃക്ഷേമനിധിയിലെ ഉപഭോക്തൃപരിപാടികൾക്കുള്ള ചെലവുകൾ (NP)" എന്ന ശീർഷകത്തിൽ നിന്നും **73,20,000/-** രൂപ **(എഴുപത്തിമൂന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം)** ചുവടെ ചേർക്കും പ്രകാരം അടിയന്തര പ്രാധാന്യമുള്ള പരിപാടികൾക്ക് മാത്രമായി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ചെലവഴിക്കുന്നതിന്റെ വിശദമായ കണക്കുകൾ പൊതുവിതരണ കമ്മീഷണർ അടുത്ത ഗവേർണിംഗ് ബോഡിക്ക് മുൻപായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

| ക്രമ നം. | ഇനം | തുക (രൂപയിൽ) |
|---|---|---|
| 1 | ഉപഭോക്തൃ സന്നദ്ധ സംഘടനകൾക്കുള്ള ധനസഹായം | 3,00,000/- |
| 2 | സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾക്കുള്ള ഗ്രാന്റ്/ ധനസഹായം | 3,20,000/- |
| 3 | എക്സിബിഷനുകൾ/ വിവിധ ഉപഭോക്തൃ ദിനാഘോഷങ്ങൾ / മറ്റു ഉപഭോക്തൃബോധവത്ക്കരണ ചടങ്ങുകൾ | 18,00,000/- |
| 4 | ഉപഭോക്തൃബോധവത്ക്കരണ വാഹനത്തിന്റെ ഇന്ധന ചെലവുകൾ / അറ്റകുറ്റപ്പണികൾ / നികുതി/ ഇൻഷ്വറൻസ് /മറ്റ് ചെലവുകൾ | 3,00,000/- |
| 5 | വിവിധ സോഷ്യൽ മീഡിയകളിലൂടെയുള്ള ഉപഭോക്തൃ ബോധവത്ക്കരണ | 10,00,000/- |

| | | |
|---|---|---|
| | ചെലവുകൾ/ Social Media Labന്റെ അടിസ്ഥാന സൗകര്യ വികസനം / Production & propagation of online promotion materials, Remuneration of Designer | 10,00,000/- |
| 6 | രാജീവ്ഗാന്ധി അവാർഡ്, മറ്റു അവാർഡ് ദാന ചടങ്ങുകൾ | 2,00,000/- |
| 7 | റേഡിയോ/എഫ്.എം./AIR & കമ്മ്യൂണിറ്റി റേഡിയോ വഴിയുള്ള പരസ്യം / സന്ദേശം/ജിങ്കിൾസ് | 6,00,000/- |
| 8 | ഡിജിറ്റൽ പ്രസിദ്ധീകരണങ്ങൾ / മാധ്യമപരസ്യങ്ങൾ (ഡിജിറ്റൽ മാസികകൾ, സുവനീറുകൾ മുതലായവ) | 2,00,000/- |
| 9 | പരസ്യചിത്രനിർ മ്മാണം (പ്രാദേശിക ചാനലുകൾ ഉൾപ്പെടെയുള്ള ടി.വി.ചാനലുകൾ) , ബസ്, റെയിൽവേ സ്റ്റേഷനുകളിലെ display, പൊതുസ്ഥലങ്ങളിലെ വീഡിയോ, ഡിജിറ്റൽ display ബോർഡുകൾ എന്നിവയിലൂടെയുള്ള സംപ്രേഷണവും പ്രദർശനവും | 10,00,000/- |
| 10 | ഉപഭോക്തൃകേരളം (പോളിസി മാഗസിൻ) 3 പതിപ്പുകൾ (പ്രൊഡക്ഷൻ & പ്രിന്റിംഗ്) | 6,00,000/- |
| 11 | പോസ്റ്റർ / ബുക്ക് ലെറ്റ് / പ്ലെയറുകൾ/ സ്റ്റിക്കറുകൾ / ലഘുലേഖകൾ എന്നിവയുടെ നിർമ്മാണവും വിതരണവും | 2,00,000/- |
| 12 | ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനുകളിലെ മീഡിയേഷൻ സെല്ലിന്റെ പ്രവർത്തന ചെലവ് | 5,00,000/- |
| 13 | മൾട്ടിലെവൽ മാർക്കറ്റിംഗ് കമ്പനികളുടെ രജിസ്ട്രേഷൻ അനുബന്ധ നടപടികൾക്കുള്ള വെബ്സൈറ്റ് നിർമ്മാണം. | 3,00,000/- |
| | **ആകെ( എഴുപത്തിമൂന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം)** | **73,20,000/-** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജിത് കുമാർ ഐ എ എസ്

സെക്രട്ടറി

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.

സെക്രട്ടറി& രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി.

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.(ഫയൽ നം.സിഎ3/18/2024-സിഎഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ